ഉത്തരം

(എ) (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കുന്ന ഒഴിവുകൾക്ക് നാമനിർദ്ദേശം ചെയ്യാറുണ്ട്. കൂടാതെ www.employment.kerala.nic.in എന്ന വെബ്സൈറ്റിൽ കേരളത്തിലെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റേർഡ് സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രസ്തുത വിവരം യഥേഷ്ടം ഉപയോഗപ്പെടുത്താവുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും നൽകുന്ന സേവനങ്ങൾ തികച്ചും സൗജന്യമാണ്.

തൊഴിലില്ലായ്മ വേതനം

47 [3561] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് നൽകിവരുന്ന തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൊഴിലില്ലായ്മ വേതനം നൽകുന്നതിനായി ഒരു മാസം എത്ര രൂപ ചെലവഴിക്കുന്നുണ്ട്;

(സി) തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഒരുമാസം 4,64,84,400 രൂപ ചെലവഴിക്കുന്നു.

(സി) ഇല്ല.

കാസർഗോഡ് ഐ. ടി. സി.

48 [3562] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഐ.ടി.സി.-യിൽ ഏതെല്ലാം ട്രേഡിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഐ.ടി.സി.-യുടെ വികസനത്തിന് പുതുതായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly